(ഡി) തീർപ്പാക്കാനുള്ള അപേക്ഷകൾ ഉണ്ടെങ്കിൽ അടിയന്തിരമായി തീർപ്പാക്കാൻ ജനറൽ മാനേജർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**മാള സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനം**

23 (1214) ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാള നിയോജകമണ്ഡലത്തിൽ പുത്തൻചിറ പഞ്ചായത്തിൽ സ്ഥാപിക്കുവാനുദ്ദേശിച്ച മാള സ്പിന്നിംഗ് മില്ലിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് പ്രിശദമാക്കാമോ ;

(ബി) മാള നിയോജകമണ്ഡലത്തിലെ നൂറു കണക്കിന് യുവാക്കളിൽനിന്ന് ഷെയർ പിരിച്ചെടുത്തുണ്ടാക്കിയ ഈ സ്ഥാപനം പ്രവർത്തിപ്പിക്കുവാൻ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഇപ്പോൾ എന്തു നടപടികളാണ് സ്വീകരിച്ചു വരുന്നത് ;

(സി) മാള സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനം എന്നു തുടങ്ങുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മാളയിലെ സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനത്തിന് സംസ്ഥാന സർക്കാർ നൽകിയ 325 ലക്ഷം രൂപയും സംരംഭകരുടെ ഷെയർ കോൺട്രിബ്യൂഷനായി സമാഹരിച്ച 62.45 ലക്ഷം രൂപയും കൊണ്ട് 10 ഏക്കർ ഭൂമി വാങ്ങുകയും 12000 കതിരുകൾ സ്ഥാപിക്കുവാൻ കഴിയുന്ന കെട്ടിടത്തിന്റെ പണി ഭാഗികമായി പൂർത്തിയാക്കുകയും 89.24 ലക്ഷം രൂപ യന്ത്രസാമഗ്രികൾക്കായി മുൻകൂറായി നൽകുകയും ചെയ്തിട്ടുണ്ട്. നാളിതുവരെ 387.49 ലക്ഷം രൂപ ചെലവ് വന്നിട്ടുണ്ട്. യഥാസമയം ടേം ലോൺ കിട്ടാത്തതുകൊണ്ടാണ് മില്ലിന്റെ ബാക്കി ജോലികൾ സ്തംഭനാവസ്ഥയിലായത്.

(ബി) ടെക്സ്റ്റയിൽ മേഖലയിൽ നിലനിൽക്കുന്ന പ്രതികൂല സാഹചര്യങ്ങൾ കണക്കിലെടുത്ത് ലാഭകരമെന്ന് ഉറപ്പുവരുത്താവുന്ന ഒരു പ്രോജക്ടിന് മാത്രമേ നിലനിൽക്കാൻ കഴിയൂ എന്നതിന്റെ അടിസ്ഥാനത്തിൽ സ്പിന്നിംഗ് മില്ലിന് ചെലവഴിച്ച തുക പ്രയോജനപ്പെടുത്തി നൂതന യന്ത്രത്തറികളും വസ്ത്ര നിർമ്മാണശാലയുമടങ്ങുന്ന ഒരു പ്രോജക്ട് നടപ്പിലാക്കാനുള്ള നിർദ്ദേശം പരിഗണനയിലാണ്.

(സി) പുതിയ പ്രോജക്ടിന് അംഗീകാരവും, ആവശ്യമായ ഫണ്ടും ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കാൻ കഴിയുമെന്ന് കരുതുന്നു.

**തിരുവണ്ണൂർ മിൽ ലാഭകരമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ**

24 (1215) ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവണ്ണൂർ കോട്ടൺ മിൽ അടച്ചുപൂട്ടുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly